സംരംഭക വികസന മിഷൻ

151 (4733) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) പുതുതലമുറയ്ക്ക് സംരംഭക വികസന മിഷൻവഴി എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാവുക; പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാണോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ ഒരു മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ (കെ.എസ്.ഇ.ഡി.എം.) ആഭ്യന്തര വളർച്ച, സമഗ്ര വികസനം, വ്യാവസായിക മുന്നേറ്റം, ആഭ്യന്തര ഉല്പാദന വളർച്ച, സ്വയംപര്യാപ്തത, വൈദഗ്ധ്യ വികസനം, പ്രാദേശിക തൊഴിൽ ലഭ്യത, സംരംഭകത്വ വർദ്ധനവ്, വാണിജ്യ സംസ്കാര വികസനം, സാമൂഹിക ഐക്യം, സർവ്വോപരി വിദ്യാസമ്പന്നരായ യുവതീ യുവാക്കൾക്കിടയിൽ നവവ്യവസായികളാകാനുള്ള പുത്തൻ ഉണർവ് ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

ഇതിന്റെ ഭാഗമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻവഴി പലിശ രഹിത വായ്പാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

30-6-2015-ലെ കണക്കുകൾ പ്രകാരം 1093 നവസംരംഭങ്ങൾ ഇടുവാനും ഇതുവഴി 2504 സ്വയംസംരംഭകരെ സൃഷ്ടിക്കുവാനും 3252 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കാനും ഈ മിഷന്റെ പ്രവർത്തനത്തിലൂടെ കഴിഞ്ഞു.

സംരംഭക വികസന മിഷൻ

152 (4734) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭക വികസന മിഷൻ പലിശ രഹിത വായ്പ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly